**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 705** **28-01-2026 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കയ്പമംഗലം നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസരണ വിഭാഗത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കയ്പമംഗലം മണ്ഡലത്തിൽപ്പെടുന്ന 33 കെ.വി. കയ്പമംഗലം സബ്സ്റ്റേഷനിൽ പുതിയതായി 33/11 കെ.വി. 5 MVA ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 23 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>കയ്പമംഗലം നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വിതരണ വിഭാഗത്തിന്റെ കീഴിൽ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>1. എച്ച് റ്റി ലൈൻ നിർമ്മാണം - 25.81 കി.മീ.<br><br>2. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചത് - 28എണ്ണം<br><br>3. എൽ റ്റി ലൈൻ നിർമ്മാണം - 112.05 കി.മീ.<br><br>4. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റൽ - 7.35 കി.മീ<br><br>5. എച്ച് റ്റി റികണ്ടക്ടറിംഗ് - 33.30 കി.മീ<br><br>6. എൽ ടി റികണ്ടക്ടറിംഗ് – 377.28 കി.മീ<br><br>കൂടാതെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന സമ്മർ പീക്ക് വർക്കുകൾ നടപ്പിലാക്കി വരുന്നു.<br><br>മതിലകം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ പള്ളിനട, ഇരുപത്തിയഞ്ചാംകല്ല്, ആമണ്ടൂര് നോർത്ത്, മതിലൂല, അഞ്ചാം പരത്തി, പൊരിബസാർ എന്നിവിടങ്ങളിലായി ആറ് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| | | | നിലവിൽ ബന്ധപ്പെട്ട സ്ഥലങ്ങളിൽ DP structure സ്ഥാപിക്കൽ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ